"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ നഗരസഞ്ചയങ്ങൾക്കായി അനുവദിച്ച ഗ്രാന്റ് - ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാരെ കൂടി ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2143/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.272/2021/ത.സ്വ.ഭ.വ; തീയതി 24.11.2021
2. സ.ഉ.(സാധാ) നം.2542/2024/LSGD; തീയതി 27.12.2024
3. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 28.07.2025ലെ എസ്.പി.ബി/7/2025/ഡിപിഡി നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.08.2025ലെ LSGD/PD/37164/2024-DPLC5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തെ 7 നഗരസഞ്ചയങ്ങൾക്കായി മില്യൺ പ്ലസ് സിറ്റീസ് ചലഞ്ച് ഫണ്ട് എന്ന പേരിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. നഗരസഞ്ചയ പദ്ധതി രൂപീകരണത്തിന്, മുഖ്യ നഗരസഭയുടെ അധ്യക്ഷ(ൻ) ചെയർപേഴ്സൺ ആയും മുഖ്യ നഗരസഭയുടെ സെക്രട്ടറി കൺവീനർ ആയും, ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (Joint Planning Committee) രൂപീകരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് അത് പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്.

2. പ്രസ്തുത ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ ജില്ലാ പ്ലാനിംഗ് ഓഫിസറെ ക്ഷണിതാവായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ അംഗമല്ലാത്തതിനാലും സിറ്റി ഫൈനാൻസ് പോർട്ടലിൽ ലോഗിൻ ഇല്ലാത്തതിനാലും പ്രോജക്ടുകൾക്ക് മാറ്റം വരുത്തിയിട്ടുണ്ടെങ്കിലോ പ്രോജക്ടുകൾ ഉപേക്ഷിച്ചിട്ടുണ്ടെങ്കിലോ ജില്ലാ ആസൂത്രണ സമിതികൾക്ക് നിലവിൽ പരിശോധിക്കുവാൻ കഴിയുന്നില്ല എന്നും, നഗരസഞ്ചയ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നിർവ്വഹണം നടത്തുന്നതിനാൽ ജില്ലാ പ്ലാനിംഗ് ഓഫിസറെ ജെ.പി.സി.യിൽ അംഗമാക്കുന്നത് പദ്ധതി നിർവ്വഹണത്തിലും മേൽനോട്ടത്തിലും, പദ്ധതികളുടെ മുൻഗണന നിശ്ചയിക്കുന്നതിനും മറ്റ് സ്രോതസുകളുമായി സംയോജിപ്പിച്ച് നിർവഹണം നടത്തുന്നതിനും ഏറെ സഹായകമായിരിക്കും എന്നും, അതിനാൽ നഗരസഞ്ചയം പ്രോജക്ടുകളുടെ കാര്യക്ഷമമായ നടത്തിപ്പിന് ജില്ലാ പ്ലാനിംഗ് ഓഫീസറെ

ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ അംഗമായി ഉൾപ്പെടുത്തണമെന്നും ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഞ്ചയ പദ്ധതി രൂപീകരണത്തിനും നിർവ്വഹണാവലോകനത്തിനുമായി, പരാമർശം 1 ഉത്തരവിന്റെ ഖണ്ഡിക 4.4(1)ൽ വിഭാവനം ചെയ്യുന്ന ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലാ പ്ലാനിംഗ് ഓഫീസർമാരെ കൂടി അംഗങ്ങളായി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. നഗരസഞ്ചയ പ്രദേശത്തെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർ
14. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ
15. ജില്ലാ പ്ലാനിംഗ് ഓഫീസർ (തിരുവനന്തപുരം, കൊല്ലം എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)
16. തിരുവനന്തപുരം, കൊല്ലം എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 30-08-2025 11:05:27
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്